"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസം - പാലക്കാട് മഞ്ഞപ്ര പി.കെ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.എ ശ്രീമതി.സുധന്യ യു ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23938/2019 ലെ 11.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2024/2022/GEDN തീയതി,തിരുവനന്തപുരം, 25-03-2022

---

പരാമർശം:-

1. ശ്രീമതി.സുധന്യ യു. ഉം മറ്റുള്ളവരും ചേർന്ന് ഫയൽ ചെയ്ത 05.07.2019 ലെ റിവിഷൻ ഹർജി
2. ശ്രീമതി.സുധന്യ യു. ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23938/2019 ലെ 11.10.2021 ലെ വിധിന്യായം
3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.01.2022 ലെ ബി3/6963/2019 നമ്പർ കത്ത്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.01.2022 ലെ ഡിജിഇ/14670/2021-ഇഎ1 നമ്പർ കത്ത്
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 25.01.2022 ലെ ഡി.ഡി.ഇ.പി.കെ.ഡി/10722/2021-ബി4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് മഞ്ഞപ്ര പി.കെ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.എ ശ്രീമതി.സുധന്യ യു ഉം മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23938/2019 ലെ 11.10.2021 ലെ വിധിന്യായത്തിൽ ഹർജിക്കാർ സമർപ്പിച്ച പരാമർശം(1) ലെ റിവിഷൻ ഹർജി ഹർജിക്കാരെ ഉചിതമാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് മുഖാന്തരം 27.1.2022-ന് കേട്ടു. ഹർജിക്കാരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) റിവിഷൻ ഹർജിക്കാരുടെ സർവ്വീസ് സംബന്ധിച്ച വസ്തുതകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | തസ്തിക | നിയമന തിയതി | അംഗീകാരം ലഭിക്കേണ്ടുന്ന തിയതി | അംഗീകാരം ലഭിച്ച തീയതി |
|---|---|---|---|---|---|
| 1 | സുധന്യ.യു | എച്ച്.എസ്.എ ഇംഗ്ലീഷ് | 23/07/2008 | 23/07/2008 to 31/05/2011 | 01/06/2011 |
| 2 | സിന്ധു.ആർ | എച്ച്.എസ്.എ ഇംഗ്ലീഷ് | 05/08/2009 | 05/08/2009 to 31/05/2011 | 01/06/2011 |
| 3 | അനു മേരി വർഗീസ് | എച്ച്.എസ്.എ ഇംഗ്ലീഷ് | 21/06/2010 | 21/06/2010 to 31/05/2011 | 01/06/2011 |
| 4 | ഗീത.പി | യു.പി.എസ്.എ | 01/06/2010 | 01/06/2010 to 31/05/2011 | 01/06/2011 |

ബി) ബഹു. കേരള ഹൈക്കോടതി 11/10/2021 ൽ WP(C) No. 23938/2019 ാം നമ്പർ കേസിൽ വിധി പ്രസ്താവിച്ചതിൻ പ്രകാരം റിവിഷൻ ഹർജിക്കാരുടെ റിവിഷൻ പെറ്റീഷൻ പുന:പരിശോധിക്കേണ്ടതാണെന്ന് തീർപ്പു കൽപ്പിച്ചിരിക്കുന്നു. 01/08/2017 ലെ State of Kerala V/S V. Sumadevi and Others എന്ന കേസിന്റെ വിധിയുടെ അടിസ്ഥാനത്തിലും റിട്ട് പെറ്റീഷൻ നം 1963/2019 ലെ 05/08/2019 ലെ വിധിയുടെ അടിസ്ഥാനത്തിലും പുന:പരിശോധിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുള്ളതാകുന്നു. റിവിഷൻ ഹർജിക്കാർ നിയമിതരാകുന്നത് നിയമന നിരോധനം നിലവിലുള്ള കാലഘട്ടത്തിലാണ് കൂടാതെ 12/01/2010 ലെ ജി.ഒ(പി) നം. 10/10 ഉം പ്രാബല്യത്തിലുണ്ട്.

റിവിഷൻ ഹർജിക്കാരുടെ നിയമനം 01/06/2011 ൽ മാത്രമേ അംഗീകരിക്കപ്പെട്ടിട്ടുള്ളൂ. ആയതിന്റെ കാരണം 10/10 ൽ നിർദ്ദേശിച്ചതിൻ പ്രകാരം സത്യപ്രസ്താവന നൽകുന്നതിൽ മാനേജർ വീഴ്ച വരുത്തിയത് കൊണ്ടാണ്. ഇക്കാര്യത്തിൽ കേരള ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബെഞ്ച് വിധി പ്രത്യേകമായി പരിഗണിക്കേണ്ടതാണ്. മാനേജർ മാർ 1 0 / 1 0 പ്രകാരം സത്യപ്രസ്താവന നൽകിയില്ലെങ്കിലും അധ്യാപക നിയമനം അംഗീകരിക്കേണ്ടതും സുപ്രീംകോടതി വിധിയ്ക്ക് വിധേയമായി ലഭ്യമായ അത്രയും വേക്കൻസിയിൽ മാറ്റിവെയ്ക്കപ്പെടേണ്ടതാണെന്ന് നിഷ്കർഷിച്ച് ഉത്തരവായിട്ടുള്ളതാണ്.

സി) മേൽ പ്രസ്താവിച്ച കോടതി ഉത്തരവുകളുടെ വെളിച്ചത്തിൽ 14/08/2019 ലെ 3260/2019-ാം നമ്പർ ഗവൺമെന്റ് ഓർഡർ തികച്ചും നിയമ രഹിതവും നിയമ സാധുത ഇല്ലാത്തതുമാകുന്നു.

ഡി) റിവിഷൻ ഹർജിക്കാരുടെ നിയമനാംഗീകാരം അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ അംഗീകരിക്കപ്പെട്ടുവെങ്കിലും അവരുടെ മുൻകാല സർവ്വീസ് സുപ്രീം കോടതിയിൽ 10/10 സംബന്ധിച്ച കേസ് നിലവിലുണ്ടെന്ന കാരണത്താൽ നിഷേധിക്കപ്പെടരുതെന്ന ബഹു. കേരള ഹൈക്കോടതിയുടെ വിധി നടപ്പാക്കി തരണമെന്ന് അപേക്ഷിക്കുന്നു.

മേൽ പ്രസ്താവിച്ച വസ്തുതകളുടെയും, യാഥാർത്ഥ്യങ്ങളുടെയും നിയമങ്ങളുടെയും വെളിച്ചത്തിൽ റിവിഷൻ ഹർജിക്കാരുടെ നിയമനം നിയമന തിയതി മുതൽ അംഗീകരിക്കുവാൻ ഉത്തരവുണ്ടാകണമെന്ന് ഇതിനാൽ അപേക്ഷിക്കുന്നു."

2) ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വിദ്യാഭ്യാസ ഉപഡയറക്ടർ, പൊതു വിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) മഞ്ഞപ്ര പി.കെ. ഹയർസെക്കണ്ടറി സ്കൂളിലെ അദ്ധ്യാപികയായ ശ്രീമതി.സുധന്യ.യു.വിനെ എച്ച്.എസ്.എ (ഇംഗ്ലീഷ്) ആയി 2 3 / 0 7 / 2 0 0 8 മുതലും

ശ്രീമതി.സിസ്ധു.ആറിനെ എച്ച്.എസ്.എ (ഇംഗ്ലീഷ്) ആയി 05/08/2009 മുതലും ശ്രീമതി.അനു മേരി വർഗ്ഗീസിനെ എച്ച്.എസ്.എ (ഇംഗ്ലീഷ്) ആയി 21/06/2010 മുതലും ശ്രീമതി.പി.ഗീതയെ യു.പി.എസ്.ടി ആയി 01/06/2010 മുതലും മാനേജർ നിയമിക്കുകയുണ്ടായി. നാല് പരാതിക്കാരുടേയും നിയമനം 01/06/2011 മുതൽ മാത്രമാണ് ഈ കാര്യാലയത്തിൽ നിന്നും അംഗീകരിച്ച് നൽകിയത്. നിയമന തീയതി മുതൽ 01/06/2011 ന് മുമ്പുള്ള സർവ്വീസ് 17/08/2005 ലെ സ.ഉ(പി) 317/2005/പൊ.വി.വ യുടെ അടിസ്ഥാനത്തിൽ നിയമന നിരോധനം നില നിന്നിരുന്ന കാലയളവിലാണ് നടത്തിയതെന്ന കാരണത്താലാണ് നിയമനം നിരസിച്ചിരുന്നത്.

ബി) ടി സ്കൂളിലെ എച്ച്.എസ്.എ, യു.പി.എസ്.എ എന്നിവയിൽ പ്രതീക്ഷിത അധിക തസ്തികയിൽ 2008-09, 2009-10 കാലയളവിലായി മാനേജർ നിയമനം നടത്തുകയും പ്രസ്തുത നിയമനം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, 01/10/2011 തിയതിയിലെ സ.ഉ (പി) നം.199/11/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 01/06/2011 തിയതി മുതൽ നിയമനം അംഗീകരിച്ച് നൽകിയിരുന്നു. അധിക തസ്തികയിൽ നടത്തിയ നിയമനം അംഗീകരിക്കുന്നതിന് 12/01/2010 ലെ സ.ഉ(പി) നം.10/2010/പൊ.വി.വ പ്രകാരം ഇളവ് അനുവദിച്ചിരുന്നു. എന്നാൽ ഈ ഉത്തരവിലെ ഖണ്ഡിക (5) ൽ പരാമർശിച്ചിട്ടുള്ള നിർദ്ദേശം മാനേജർ പാലിച്ചിട്ടില്ലാത്തതിനാലാണ് അദ്ധ്യാപകരുടെ നിയമനം നിയമന തിയതിയിൽ അംഗീകരിക്കാതിരുന്നത്.

സി) അധിക ഡിവിഷൻ ഒഴിവുകളിൽ 2006-07 അദ്ധ്യയന വർഷം മുതൽ ഏർപ്പെടുത്തിയിരുന്ന നിയമന നിയന്ത്രണം ചില നിബന്ധനകൾക്ക് വിധേയമായി പിൻവലിക്കാൻ 12/01/2010 ലെ സ.ഉ(പി) നം.10/2010/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. ഇതിൽ ഖണ്ഡിക (5) പ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള അദ്ധ്യയന വർഷങ്ങളിൽ എയ്ഡഡ് സ്കൂളുകളിലെ അധിക ഡിവിഷൻ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ അംഗീകരിക്കുന്നതിന് അടുത്ത അദ്ധ്യയന വർഷം (2010-11) മുതൽ ടി സ്കൂളിൽ പുതിയ ഒഴിവുകൾ വരുന്ന ഘട്ടത്തിൽ 2006-07 മുതൽ 2009-10 വരെയുള്ള കാലയളവിൽ നിയമിതരായവർക്ക് തുല്യമായ എണ്ണം പ്രൊട്ടെക്റ്റഡ്

അദ്ധ്യാപകരെ/അദ്ധ്യാപകേതര ജീവനക്കാരെ നിയമിക്കണമെന്ന് സമ്മതിപ്പിച്ച കൊണ്ടുള്ള നോട്ടറി സാക്ഷ്യപ്പെടുത്തിയ ഒരു സമ്മത പത്രം അമ്പതു രൂപയുടെ മുദ്ര പത്രത്തിൽ അതാത് സ്കൂൾ മാനേജർമാർ ബന്ധപ്പെട്ട ഓഫീസർമാർക്ക് സമർപ്പിക്കേണ്ടതാണെന്നും ഇപ്രകാരം ലഭിക്കുന്ന സമ്മത പത്രത്തിന്റെ പകർപ്പുകൾ വിദ്യാഭ്യാസ ഓഫീസർമാർ സമാഹൃതമായി സർക്കാരിലേക്ക് ലഭ്യമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. കൂടാതെ ഖണ്ഡിക (6) പ്രകാരം 2006-07 മുതൽ 2009-10 വരെയുള്ള അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിതരായവർക്ക് തുല്യമായ എണ്ണം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ച് കഴിഞ്ഞ് ഭാവിയിൽ അധിക ഡിവിഷൻ ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് എല്ലാ എയ്ഡഡ് വിദ്യാലയത്തിലും 1:1 എന്ന ക്രമത്തിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകൻ, പുതിയ നിയമനം എന്ന മുറയ്ക്ക നിയമനം നടത്താൻ പാടുള്ളു എന്നും നിഷ്കർഷിച്ചിട്ടുണ്ട്. 2006-07 മുതലുള്ള അധിക ഡിവിഷൻ ഒഴിവുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപക ജീവനക്കാരെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപ്പീലുകളിൽ അപ്പലേറ്റ് ഉത്തരവ് കാക്കാതെ മുകളിൽ പറഞ്ഞ വ്യവസ്ഥകൾക്ക് വിധേയമായി പരിശോധിച്ച് വിദ്യാഭ്യാസ ഓഫീസർക്ക് അംഗീകാരം നൽകാവുന്നതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ടി സ്കൂളിലെ മാനേജർ ബോണ്ട് വെച്ചിട്ടില്ല അതിനാൽ നിയമന തിയതി മുതൽ നിയമനം നൽകുവാൻ നിർവ്വാഹമില്ല

ഡി) ശ്രീമതി. യു.സുധന്യയും മുതൽപ്പേർ ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത റിട്ട് ഹർജി (സി) നം. 30667/2018 നമ്പർ കേസിൽ പരാതിക്കാർ സമർപ്പിച്ച റിവിഷൻ പെറ്റീഷനുകൾ ചുവടെ പറഞ്ഞ പ്രകാരം തീർപ്പാക്കുകയും, വിധിന്യായം പാലിച്ചു ഉത്തരവായിട്ടുള്ളതുമാണ്.

ഇ) 2006-07 മുതൽ 28/01/2016 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യം എണ്ണം ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ വച്ചു നികത്തമെന്ന ബോണ്ട് നിയമനാംഗീകാരം നൽകുന്ന വേളയിൽ വയ്ക്കുകയാണെങ്കിൽ മാത്രം അത്തരം നിയമനങ്ങൾ നിയമന തിയതി മുതൽ അംഗീകരിക്കാവുന്നതാണെന്നും എന്നാൽ മാനേജർ സുപ്രീം കോടതി മുമ്പാകെ എസ്.എൽ.പി ഫയൽ ചെയ്ത സ്റ്റേ വാങ്ങിയിട്ടില്ല എന്നത് ഇപ്രകാരം

ചെയ്യുന്നതിന് മുമ്പായി വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണെന്നും, ഈ വ്യവസ്ഥയ്ക്ക് മാനേജർ തയ്യാറാവാത്ത കേസുകളിൽ ബന്ധപ്പെട്ട വിധിന്യായത്തിൽ കോടതി സർക്കാരിന് അനുകൂലമായ യാതൊരു നിരീക്ഷണങ്ങളും നടത്തിയിട്ടില്ല എന്നതിനാൽ സുപ്രീംകോടതി സ്റ്റേ നിലവിലുള്ള കാര്യം ചൂണ്ടിക്കാട്ടി അത് തീരുന്നതുവരെ തീരുമാനം കൈക്കൊള്ളാനാവില്ല എന്ന നിലപാട് സ്വീകരിച്ച് നിവേദനം തീർപ്പാക്കാവുന്നതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എഫ്) 2006-07 മുതൽ 28/01/2016 വരെയുള്ള കാലയളവിൽ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾ 12/01/2010 ലെ സ.ഉ (പി) നം.10/2010/പൊ.വി.വ നിബന്ധനകൾക്ക് വിധേയമായതിനാൽ പ്രസ്തുത സർക്കാർ ഉത്തരവിലെ (V), (VI) നിബന്ധനകൾ സിവിൽ അപ്പീൽ നം. 3480/2016 തുടങ്ങിയ കേസുകളിൽ ബഹു.സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ, ബഹു. സുപ്രീം കോടതിയുടെ അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിക്കുവാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു.

ജി) 12/01/2010 ലെ സ.ഉ(പി) നം.10/2010/പൊ.വി.വ സർക്കാർ ഉത്തരവിനെതിരെ ബഹു. സുപ്രീം കോടതിയിൽ നില നിൽക്കുന്ന എസ്.എൽ.പി.യിൽ ഈ സ്കൂളിലെ മാനേജർ കക്ഷിയാണെന്നു കൂടി അറിയിക്കുന്നു. ടി കേസിൻ മേൽ അന്തിമ വിധി ഇന്നേ വരെ വരാത്ത സാഹചര്യത്തിൽ തുടർ നടപടി കൈക്കൊള്ളാൻ സാധ്യമല്ല എന്നു കൂടി സവിനയം അറിയിക്കുന്നു."

3 ) മേൽ വിവരിച്ച വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. നാല് ഹർജിക്കാരുടേയും നിയമനം 01/06/2011 മുതൽ മാത്രമാണ് അംഗീകരിച്ച് നൽകിയത് എന്നും നിയമന തീയതി മുതൽ 01/06/2011 ന് മുമ്പുള്ള സർവ്വീസ് 17/08/2005 ലെ സ.ഉ(പി) 317/2005/പൊ.വി.വ യുടെ അടിസ്ഥാനത്തിൽ നിയമന നിരോധനം നില നിന്നിരുന്ന കാലയളവിലാണ് നടത്തിയതെന്ന കാരണത്താലാണ് നിയമനം നിരസിച്ചിരുന്നത് എന്നും അധിക തസ്തികയിൽ നടത്തിയ നിയമനം

അംഗീകരിക്കുന്നതിന് 12/01/2010 ലെ സ.ഉ(പി) നം.10/2010/പൊ.വി.വ ഖണ്ഡിക ( 5 ) ൽ പരാമർശിച്ചിട്ടുള്ള ബോണ്ട് വയ്ക്കണമെന്ന നിർദ്ദേശം മാനേജർ പാലിച്ചിട്ടില്ലാത്തതിനാലാണ് അദ്ധ്യാപകരുടെ നിയമനം നിയമന തിയതിയിൽ അംഗീകരിക്കാതിരുന്നത് എന്നും വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ഹർജിക്കാർ ഫയൽ ചെയ്ത കേസിൽ ബഹു: ഹൈക്കോടതി വിധിന്യായമനുസരിച്ച് ഇത്തരം സാഹചര്യങ്ങളിൽ മാനേജർ പ്രസ്തുത ബോണ്ട് വച്ചിട്ടുണ്ടെന്ന് അനുമാനിച്ചു കൊണ്ട് റ്റീച്ചർമാരുടെ നിയമനത്തീയതി മുതലുള്ള അംഗീകാരം നൽകേണ്ടതാണെന്ന വസ്തുത മനസ്സിൽ കണ്ടുവേണം തീരുമാനമെടുക്കേണ്ടതെന്നും ബഹു: സുപ്രീം കോടതിയിൽ നിൽക്കുന്ന കേസിലെ അന്തിമവിധിയ്ക്കു വിധേയമായി വേണം തീരുമാനമെടുക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

4) മേൽ സാഹചര്യങ്ങളിൽ മാനേജർ പ്രസ്തുത ബോണ്ട് വച്ചിട്ടുണ്ടെന്ന് അനുമാനിച്ചു കൊണ്ട് ഹർജിക്കാരായ റ്റീച്ചർമാരുടെ നിയമനം മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമനത്തീയതി മുതൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്കു നൽകി, ഉത്തരവാകുന്നു. മാനേജർ സുപ്രീം കോടതിയിൽ നിന്നും 12/01/2010 ലെ സ.ഉ(പി) നം.10/2010/പൊ.വി.വ ഖണ്ഡിക (5), (6) എന്നിവകളിലെ നിബന്ധനകൾക്കെതിരെ സ്റ്റേ സമ്പാദിച്ചിട്ടുണ്ടോ എന്നുള്ള കാര്യം മാനേജറിൽ നിന്നും ആയത് തെളിയിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കി പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും, സ്റ്റേ സമ്പാദിച്ചിട്ടുണ്ടെങ്കിൽ സുപ്രീം കോടതിയിൽ നിൽക്കുന്ന കേസിലെ അന്തിമവിധിയ്ക്കു വിധേയമായി മാത്രം സംരക്ഷിതാദ്ധ്യാപകനിയമനം സംബന്ധിച്ച പ്രസ്തുത വ്യവസ്ഥകൾ നടപ്പാക്കുന്നതാണെന്ന് നിയമന അംഗീകാരം നൽകുന്ന ഉത്തരവിൽ വ്യക്തമാക്കേണ്ടതാണെന്നും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നല്കുന്നു.

5) മേല്പറഞ്ഞ നിർദ്ദേശങ്ങളോടെ പരാമർശം (1) ലെ റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം പാലക്കാട് മഞ്ഞപ്ര പി.കെ.ഹയർ സെക്കണ്ടറി സ്കൂളിലെ എച്ച്എസ്.എ ശ്രീമതി.സുധന്യ യു ഉം

മറ്റുള്ളവരും ചേർന്ന് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.23938/2019

ലെ 11.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, പി.കെ.ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ഞപ്ര, പാലക്കാട്-678001
ശ്രീമതി.സുധന്യ യു., എച്ച്.എസ്.എ., പി.കെ.ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ഞപ്ര, പാലക്കാട്
ശ്രീമതി.സിന്ധു ആർ., എച്ച്.എസ്.എ., പി.കെ.ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ഞപ്ര, പാലക്കാട്
ശ്രീമതി.അന്ന മേരി വർഗീസ്, എച്ച്.എസ്.എ., പി.കെ.ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ഞപ്ര, പാലക്കാട്
ശ്രീമതി.ഗീത പി., യു.പി.എസ്.എ, പി.കെ.ഹയർ സെക്കണ്ടറി സ്കൂൾ, മഞ്ഞപ്ര, പാലക്കാട്
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 25-03-2022 16:01:41**
സെക്ഷൻ ഓഫീസർ